സഹകരണ റിസ്ക് ഫണ്ട് പദ്ധതി

26 (*56) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കാൻസർ ബാധിതർ, കിഡ്നി സംബന്ധ രോഗം മൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്തശേഷം മാരക രോഗം പിടിപെട്ടവരുടെ വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സഹകരണ നിയമത്തിൽ വകുപ്പ് 57(ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കാൻ കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങിയിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന പ്രചാരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ അംഗ സംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനും അയച്ചുകൊടുത്തിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി 12,14,45,657 രൂപ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 23082 വായ്പകൾക്കായി 154,79,28,156 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി

27(*57) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly